**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **07-10-2025 - ൽ മറുപടിയ്ക്ക്**

**ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ കീഴിലാണോ പ്രവർത്തിക്കുന്നത് ; എങ്കിൽ എവിടെയെല്ലാമാണ് പ്രസ്തുത സ്കൂളുകൾ ഉള്ളതെന്നും ഏത് സിലബസ് പ്രകാരമാണ് അധ്യയനം നടക്കുന്നതെന്നും വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ പട്ടിക വർഗ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിലുള്ള നാഷണൽ എഡ്യൂക്കേഷൻ സൊസൈറ്റി ഫോർ ട്രൈബൽ സ്റ്റുഡൻസ് (NESTS) ന്റെ കീഴിൽ സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലുള്ള സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറി ആയ കേരള സംസ്ഥാന ഇ.എം.ആർ.എസ് സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ച് വരുന്നത്. ടി സ്കൂളുകളിൽ പൂർണ്ണമായും CBSE സിലബസ് പ്രകാരമാണ് അധ്യയനം നടത്തുന്നത്. സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1. ഇ. എം. ആർ. എസ് പൂക്കോട് , വയനാട്<br><br>2. ഇ. എം. ആർ. എസ് അട്ടപ്പാടി , പാലക്കാട്<br><br>3. ഇ. എം. ആർ. എസ് പൈനാവ് ,ഇടുക്കി<br><br>4.ഇ. എം. ആർ. എസ് കരിന്തളം, കാസർകോട് |
| (ബി) | പ്രസ്തുത സ്കൂളുകളുടെ പ്രവർത്തനം പൂർണ്ണമായോ ഭാഗീകമായോ കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ചാണോ നടക്കുന്നത് എന്ന് അറിയിക്കാമോ; എങ്കിൽ 2016 മുതൽ നാളിതുവരെ ലഭിച്ച തുക സാമ്പത്തിക വർഷം തിരിച്ച് അറിയിക്കാമോ; | (ബി) | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനത്തിന് കേന്ദ്രഫണ്ട് ലഭിച്ച് വരുന്നുണ്ട്. 2016 മുതൽ നാളിതുവരെ കേന്ദ്രസഹായമായി ലഭിച്ച തുക ചുവടെ ചേർക്കുന്നു.<br><br>2017-18 - 2,21,76,000/-<br><br>2021-22 - 2,29,56,358/-<br><br>2022-23 - 5,15,65,558/-<br><br>2023-24 - 1,52,31,600/-<br><br>2024-25 - 6,61,74,937/- |

| | | | |
|---|---|---|---|
| | | | 2025-26 - 2,31,35,176/-(Ist Instalment) |
| (സി) | പ്രസ്തുത സ്കൂളുകൾക്ക് കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടെങ്കിൽ അത് ചെലവഴിക്കുന്നത് സംസ്ഥാന പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ ഉത്തരവാദിത്തത്തിലാണോ എന്ന് അറിയിക്കാമോ; | (സി) | പ്രസ്തുത സ്കൂളുകൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ടുകൾ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽ നോട്ടത്തിൽ പട്ടിക വർഗ വികസന വകുപ്പ് ഡയറക്ടർ മെമ്പർ സെക്രട്ടറി ആയ കേരള ഇ എം ആർ എസ് സൊസൈറ്റി NESTS മാർഗ്ഗ നിർദേശ പ്രകാരം അതാതു സ്ഥാപന മേധാവികളായ പ്രിൻസിപ്പൽമാർക്കു തുക അനുവദിച്ചു നൽകി വരുന്നു. |
| (ഡി) | പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നത് സംസ്ഥാന സർക്കാരാണോ അതോ കേന്ദ്രസർക്കാരാണോ എന്ന് വ്യക്തമാക്കാമോ; | (ഡി) | ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ അധ്യാപകരെയും ജീവനക്കാരെയും നിയമിക്കുന്നത് കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന് കീഴിലുള്ള NESTS ആണ്. നിലവിൽ NESTS -ൽ നിന്നും നിയമനം നൽകാത്ത തസ്തികകളിൽ സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് ദിവസവേതനാടിസ്ഥാനത്തിൽ/ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ, പ്രവേശന നടപടികൾ തുടങ്ങിയവയെക്കുറിച്ചും അതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസിയെക്കുറിച്ചും വിശദമാക്കാമോ? | (ഇ) | പ്രസ്തുത സ്കൂളുകളിൽ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള NESTS ന്റെ മാനദണ്ഡപ്രകാരമാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ